# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. ഇ.കെ.എം.(P 14)/1673/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 15/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. ഇ.കെ.എം.(P 14)/1673/23 തീയ്യതി: 15/12/2023

## എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ,
ശ്രീ. ഹരീഷ് ബാബു എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി. സ്വപ്ന വി, ഓഡിറ്റർ,
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.എം.ജോസഫ് | പ്രസിഡന്റ് | 01-04-2022 | 29-12-2022 |
| ശ്രീ. ജോസ് വർഗീസ് | പ്രസിഡന്റ് | 30-12-2022 | 31-03-2023 |
| ശ്രീ. ലിജോ ജോൺ | സെക്രട്ടറി | 01-04-2022 | 04-05-2022 |
| ശ്രീ. ഷാജു പോൾ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-05-2022 | 21-05-2022 |

| | | | |
|---|---|---|---|
| ശ്രീ. ലിജോ ജോൺ | സെക്രട്ടറി | 22-05-2022 | 05-10-2022 |
| ശ്രീ. അനിൽകുമാർ കെ. | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷാജു പോൾ | അസി.സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീമതി .സിന്ദു സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 18-10-2022 | 31-03-2023 |
| ശ്രീമതി .സുമിയ.സി.വൈ | അസി.എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ജെസ്സ .കെ. മുഹമ്മദ് | അസി.എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ശ്രീമതി. ലിവിയ ലാൽജി റ്റി.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 25-07-2022 |
| ശ്രീമതി. ഹസീന കെ.എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26-07-2022 | 31-03-2023 |
| ഡോ.സുജേഷ് മേനോൻ | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി.പോത്താനിക്കാട് | 01-04-2022 | 11-05-2022 |
| ഡോ.ഷെറിൻ സി.പി. | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി.പോത്താനിക്കാട് | 12-05-2022 | 31-03-2023 |
| ശ്രീ. സണ്ണി കെ.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.എലിസബത്ത്.സി.ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.സീനമോൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.മിനിമോൾ | മെഡിക്കൽ ഓഫീസർ (ആയ്യൂർവേദം) | 01-04-2022 | 14-06-2022 |
| ഡോ. സംഗീത | മെഡിക്കൽ ഓഫീസർ (ആയ്യൂർവേദം) | 15-06-2022 | 31-03-2023 |
| ഡോ. ജെസ്സി കെ ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. റാണി കെ.പി | വി.ഇ.ഒ | 01-04-2022 | 03-05-2022 |
| ശ്രീ. ബിനിൽ സി. മോഹനൻ | വി.ഇ.ഒ | 04-05-2022 | 31-05-2022 |
| ശ്രീമതി. ശോഭ | വി.ഇ.ഒ | 01-06-2022 | 25-08-2022 |
| ശ്രീ. അരുൺ എസ്. നായർ | വി.ഇ.ഒ | 26-08-2022 | 02-03-2023 |
| ശ്രീമതി. ഫൗസിയ ഷെരീഫ് | വി.ഇ.ഒ | 03-03-2023 | 31-03-2023 |
| ശ്രീമതി. റംല കെ. കെ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്, പോത്താനിക്കാട് | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | സോഫ്റ്റ് വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല. | 1-1-2. |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-5. |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6. |
| 8 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ലഭിക്കുവാൻ സാധ്യതയില്ലാത്ത തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം - അവലോകനം | 1-11 |
| 21 | കെട്ടിട വാടക വരവ് - അപാകതകൾ | 1-12 |
| 22 | IFTE&OS ലൈസൻസ് - അപാകതകൾ | 1-13 |
| 23 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-14 |
| 24 | കാരുണ്യസ്പർശം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-15 |
| 25 | തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 26 | തൊഴിലുറപ്പ് പദ്ധതി- മുൻകൂർ നൽകിയ തുക യഥാസമയം തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ല | 1-17 |
| 27 | തുക തിരികെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വന്നതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-18 |
| 28 | ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല | 1-19 |
| 29 | ഇലക്ഷൻ നിക്ഷേപം -നാളിതു വരെയും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-20 |
| 30 | ക്ലസിന് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല | 1-21 |

| | | |
|---|---|---|
| 31 | ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 32 | ബാലസഭ:അധിക തുക നൽകി | 1-23 |
| 33 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-24 |
| 34 | പദ്ധതി നടപ്പിലാക്കിയില്ല | 1-25 |
| 35 | വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-26 |
| 36 | അസാധാരണ ചെലവുകൾക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ് | 1-27 |
| 37 | പൊതു ടാപ്പുകളുടെ വെള്ളക്കരം | 1-28 |
| 38 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-തുക തിരികെ ലഭിച്ചിട്ടില്ല | 1-29 |
| 39 | ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല | 1-30 |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല | 1-31 |
| 41 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - സേവന ഉപനികുതി ഈടാക്കിയിട്ടില്ല | 1-32 |
| 42 | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ -ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 43 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളിലെ തുക നാളിതു വരെയും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല | 1-34 |
| 44 | ലൈഫ് ഭവനപദ്ധതി-വീട് നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല | 1-35 |
| 45 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരികെ അടച്ചതിന്റെ വിവരം | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബാലസഭ:അധിക തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 13.7.2023 ലെ 13( 1)നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പോത്താനിക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കാക്കനാട്
തീയതി:15.12.23

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

### 1-1-2. സോഫ്റ്റ് വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല.

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൗണ്ടിംങ്ങ് സോഫ്റ്റ്വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ് വെയറുകളിലേയ്ക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

### 1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-4 വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൽ 17(2) ൽ അനുശാസിക്കും പ്രകാരം അക്രൂ ചെയ്യുന്ന വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

### 1-1-5. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1282221/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2772897/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-6. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടം, ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-8 ലഭിക്കുവാൻ സാധ്യതയില്ലാത്ത തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വാടകയിനത്തിൽ ₹110155/- കടിശ്ശിക ഉണ്ട്. എന്നാൽ ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-9 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.03.2022 ലെ 1(1)ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 4.03.2023 ലെ 4(1) നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | ₹798629/- |
| വരവ് | ₹108563333/- |
| ആകെ | ₹109361962/- |
| ചെലവ് | ₹107836133/- |
| നീക്കിയിരിപ്പ് | ₹1525829/- |

1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹7895293.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹22539485.00 |
| ആകെ | : | ₹30434778.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹21257264.00 |
| നീക്കിയിരുപ്പ് | : | ₹9177514.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7356775 | 7356775 | 5904346 | 0 | 1452429 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1413206 | 1413206 | 1261340 | | 151866 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ – Basic | 397324 | 1292817 (1230,000+ പലിശ 62817) | 1690141 | 1132369 | 557772 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് )ബാങ്ക് | 939415 | 1841000 | 2780415 | 1519371 | 1261044 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( ടൈഡ് ) ട്രഷറി | | 157079 | 157079 | 157079 | | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 3173000 | 3173000 | 2717351 | | 455649 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 4570,000 | 4570,000 | 3514177 | | 1055823 |
| നാഷണൽ പ്രോഗ്രാം ഫോർ ഡിസ് എബിലിറ്റീസ് 320100145 | 1250,000 | - | 1250,000 | - | 1250,000 | |
| അംഗൻ വാടി പൂരക പോഷകാഹാരം 320100196 | 102550 | 712300 | 814850 | 119712 | 695138 | |
| ശുചിത്വമിഷൻ 320100198 | 297550 | - | 297550 | - | 297550 | |
| ഹെൽത്ത്ഗ്രാന്റ് അടിസ്ഥാന സൗകര്യ വികസനം 320100202 | | 209818 | 209818 | 177724 | 32094 | |
| ഹെൽത്ത് മിഷൻ വെൽനെസ്സ് 320100204 | | 85679 | 85679 | 55000 | 30679 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 86300 | - | 86300 | - | 86300 | |

| ഫണ്ടിനം | ACR പ്രകാരം ചെലവ് | ജി ഒ പ്രോജക്ട് | I -6 പ്രകാരം ചെലവ് | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5935126-30780 5904346 | 1777225 | 7070257 | 611314 |
| വികസന ഫണ്ട് ( എസ് സി പി) | 1261340 | 422794 | 1684134 | |
| വികസന ഫണ്ട് ( ടി എസ് പി) | | | | |
| മെയിന്റനൻസ് ഫണ്ട് റോഡ് | 2717351 | - | 2517144 | 200207 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 3514177 | | 2812287 | 701890 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 49511849 | 106 | 24347180 | 0 | 32 | 76.8% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 3382 | 1211150 | 1214532. | 606737 | 607795 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 11455683 | 11455683 | 11455683 | |
| ആകെ | 3382 | 12666833 | 12670215 | 12062420. | 607795 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹2290000.00 | 214 |
| വിധവ പെൻഷൻ | ₹3429400.00 | 329 |
| വാർദ്ധക്യകാല പെൻഷൻ | ₹9393000.00 | 932 |
| വികലാംഗപെൻഷൻ | ₹1616600.00 | 152 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹164800.00 | 15 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹60,000.00 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2023 തീയതിയിൽ 3.00 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1289/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.06.2022 മുതൽ 25.06.2022 വരെ | 01.01.2022 മുതൽ 31.05.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.01.2014 മുതൽ 30.01.2014 വരെ | 2008-09 മുതൽ 2012-13 വരെ | 27.03.2014 |

## 1-11 തനത് വരുമാനം - അവലോകനം

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ നികുതി, ഫീസ്, വാടക, ലേലം തുടങ്ങി നികുതി-നികുതിയേതര തനതു വരവിനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
വാടക വരവ് മെച്ചപ്പെടുത്തുന്നതിനുള്ള തുടർ നടപടികളെ കുറിച്ച് ഭരണ സമിതി ചർച്ചചെയ്ത് ഉചിത തീരുമാനം കൈക്കൊള്ളേണ്ടതും ഖണ്ഡിക 1-12 ൽ വിവരിച്ച വാടക കുടിശ്ശിക ഇനത്തിലുള്ള തുക ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ വാടക ബൈലോ, വാടക കരാർ പ്രകാരമുള്ള നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും വാടക കുടിശ്ശിക വരുത്തുന്ന മുറയ്ക്ക് ആയതിന് ചട്ട പ്രകാരമുള്ള പിഴ പലിശ ഈടാക്കേണ്ടതുമാണ്.
സ.ഉ.(കൈ)നം. 77/2023/തസ്വഭവ തീയതി 22.03.2023 ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ച് നികുതി നിരക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശയോടെ ഭരണസമിതി അംഗീകരിച്ച് വിജ്ഞാപനം ചെയ്ത് വസ്തു നികുതി പുതുക്കി ഈടാക്കേണ്ടതാണ്. പുതുക്കിയ നിരക്കുകൾ പ്രകാരം സേവന നികുതി ഈടാക്കുന്നതിന് തീരുമാനം എടുത്ത് നടപ്പിലാക്കുന്നതിലൂടെ തനത് വരവ് മെച്ചപ്പെടുത്താവുന്നതാണ്.

നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി, നികുതിയേതര വരവുകളുടെ ഡിമാന്റ്- പിരിവ് പുരോഗതി അവലോകനയോഗങ്ങൾ ചേരേണ്ടതും ഗ്രാമപഞ്ചായത്ത് വിവിധ മേഖലയിൽ പഞ്ചായത്ത് ആസ്തികളുടെ പരമാവധി ഉപയോഗത്തിലൂടെ വരുമാനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.
തദ്ദേശ സ്വയം ഭരണ (ആർ.എ) വകുപ്പ് നം.29342/RA1/2014 തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ച പ്രസ്തുത രജിസ്റ്റർ പരിശോധിക്കേണ്ടതാണ്.
ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.
പഞ്ചായത്ത് പരിധിയിലുള്ള വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമ്മാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ കോളേജുകൾ, സ്കൂളുകൾ എന്നിങ്ങനെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും കൃത്യമായി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
അമ്യൂസ് മെന്റ് പാർക്കുകൾ, ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽകുളങ്ങൾ, കേബിൾ ടി വി നെറ്റ് വർക്ക്, പ്രദർശന വിപണനമേളകൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉണ്ടാവാറുണ്ട്. ഇവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഭരണസമിതി തീരുമാനമെടുത്ത് അനുകൂല ഉത്തരവിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ആയത് മുഖേനയുള്ള വരുമാനം ഉറപ്പ് വരുത്തേണ്ടതുമാണ്.
കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P)No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് നിലവിൽ ചെയ്യുന്നില്ല. ആയത് നടപ്പിലാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ.ഉ(അച്ചടി) നം.28/2019 ധന ഉത്തരവ് പ്രകാരം പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 5% നിരക്കിൽ അധിക ഫീസ് വാങ്ങാം. ഇപ്രകാരം അധിക നിരക്ക് വാങ്ങുന്നത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനമെടുത്ത് ഈടാക്കാവുന്നതാണ്.
പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 1289 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട് .എന്നാൽ 2022-23 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 265 എണ്ണം മാത്രമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
കൂടാതെ പുതിയ തനതു വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിങ് കമ്മറ്റിയിൽ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുവാൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 കെട്ടിട വാടക വരവ് - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വാടക വരവിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.
1. 2022-23 വാർഷിക ധനകാര്യപത്രികയിലെ ബി -15 ഷെഡ്യൂളിൽ വാടകയിനത്തിൽ കുടിശ്ശികയായി ₹1,10,155/- ചേർത്തിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ (കുടിശ്ശിക വരുത്തിയ വാടകക്കാരന്റെ പേര് മേൽ വിലാസം, കുടിശ്ശിക വരുത്തിയ തുക (വർഷം തിരിച്ച്), കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. വാടക രജിസ്റ്റർ പ്രകാരം 2022-23 വർഷത്തിൽ കുടിശ്ശിക ഇനത്തിൽ കളക്ഷൻ വന്നിട്ടുള്ളത് ₹48112/- യാണ് എന്നാൽ വാർഷിക ധനകാര്യപത്രികയിലെ ആർ.പി. 45 ലെ ഹെഡ് 431400102 പ്രകാരം ഈ ഇനത്തിലെ വരവ് ₹44806/-യാണ്. ₹3306/- ന്റെ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.
3. 2021-22 വാർഷിക ധനകാര്യപത്രികയിലെ പ്രകാരം വാടകയിനത്തിൽ 2022-23 വർഷത്തേക്ക് ലഭ്യമാക്കുവാനുള്ള ആകെ കുടിശ്ശിക തുക ₹154961/-യാണ് . ആയതിൽ 2022-23 വർഷം കുടിശ്ശിക ഇനത്തിൽ ലഭ്യമായ ₹44806/- കിഴിച്ചുള്ള ₹1,10,155/- യാണ് നിലവിൽ കുടിശ്ശികയുള്ളതായി 2022-23 വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 2022-23 ൽ കുടിശ്ശിക ഇല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ വാർഷികകണക്കിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്
4. വാടക പ്രകാരം ഓരോ വർഷവും വാടകയിനത്തിൽ 5% വർദ്ധന വരുത്തേണ്ടതാണെന്നിരിക്കെ, 2021-22 വാർഷിക

ധനകാര്യപത്രികയിലെ ഐ 3 ഷെഡ്യൂൾ പ്രകാരം വാടക ഡിമാന്റ് ചെയ്തിട്ടുള്ള തുക 886431 രൂപയും ആയതിൽ കോവിഡ് കാല ഇളവായി ₹170725/- കുറച്ച് നൽകിയിട്ടുള്ളതുമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ മുൻവർഷം ഡിമാന്റ് ചെയ്തിട്ടുള്ള തുകയായ ₹886431/-യേക്കാൾ ₹603/- കുറച്ച് ₹885828/-യായി വാടക ഡിമാന്റ് ചെയ്തിരിക്കുന്നു.
ബൈലോയിലെ നിർദ്ദേശം പാലിച്ച് 5% വർദ്ധന വാടകയിൽ വരുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ വിശദീകരിച്ച അപാകതകൾക്ക് രേഖമൂലം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 28.10.2023 ൽ നൽകിയ 30-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിശദീകരണം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ടി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര നടപടികൾക്കായി അറിയിക്കുന്നു.

## 1-13 IFTE&OS ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ 7,18,20,21എന്നീ ചട്ടങ്ങൾ പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II,III,IV എന്നീ പട്ടികകളിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത നിരക്കിലുള്ള തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. മേൽ ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല എന്ന് ലഭ്യമായ രേഖകളിൽ വ്യക്തമാകുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് പല സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഈടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഫീസ് നിരക്കുകൾ വ്യത്യസ്തമായി നിശ്ചയിച്ചതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമല്ല. കൂടാതെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരക്കിയില്ല. ആയത് സംബന്ധിച്ച് 30.10.2023-ൽ നൽകിയ 35-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരം ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിച്ച് മേൽ വിവരിച്ച മറ്റ് അപകതകൾക്ക് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. അങ്ങനെ വിധേയനാകുന്ന വ്യക്തികൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 205 (ബി) പ്രകാരം സെക്രട്ടറി തൊഴിൽ നികുതി അടവാക്കുന്നതിന് സ്ഥാപനത്തിനോ, വ്യക്തികൾക്കോ നോട്ടീസ് നൽകേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെ 39 മരാമത്ത് ജോലികൾക്കായി 12 കരാറുകാരെ തിരഞ്ഞെടുത്തിട്ടുള്ളതായി എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമാകുന്നു. കരാറുകാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | ഷാജി ജോർജ് |
| 2 | എൻ.ബി. അലിയിർ |
| 3 | അബ്ദുൾ ഷമീർ പി.എസ്. |
| 4 | ഡെൻസിൽ ജോസ് |
| 5 | വിനോഷ് എച്ച്. മോഹനൻ |
| 6 | അനീഫ റ്റി.പി. |
| 7 | രാജൻ കെ. |
| 8 | അനസ് എം. എം. |
| 9 | സന്ദീപ് പി. ജോൺ |
| 10 | രതീഷ് രാജൻ |
| 11 | അരുൺ വർഗീസ് |
| 12 | ജലാം കെ.ബി. |

2022-23 സാമ്പത്തിക വർഷത്തിൽ കരാർ ഏറ്റെടുത്ത് മരാമത്ത് ജോലികൾ ചെയ്തിട്ടുള്ള മേൽ പട്ടികയിൽ പറഞ്ഞ 12 കരാറുകാരിൽ തൊഴിൽ നികുതി അടവാക്കിയവരുടെ പേര് വിവരങ്ങൾ, തുക ഒടുക്കിയതിന്റെ രസീത് രേഖകൾ ലഭ്യമല്ലാത്തതിനാൽ ആയത് ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് 30.10.2023-ൽ നൽകിയ 36-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 കാരുണ്യസ്പർശം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ ധനസഹായമായി ജില്ലാ പഞ്ചായത്തിന്, പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് | കാരുണ്യ സ്പർശം ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം തുക കൈമാറൽ |
| പ്രൊജക്ട് നം. | S/166/23, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽനം./തീയതി | 22110100000033375 /31.3.2023 |
| തുക | ₹25750/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹25750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | എസ്168/23 |
| പദ്ധതി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | (ധനകാര്യകമ്മിഷൻ അവാർഡ്) ₹55000/- |
| ബിൽ നം./ തീയതി, തുക | തീയതി.238/26.3.23, ₹49936/- |

മേൽ പദ്ധതിയിൽപ്പെടുത്തി "ഡി ലിറ്റ് ഡിസ്ട്രിബ്യൂട്ടേഴ്സ്, കീരമ്പാറ" എന്ന സ്ഥാപനത്തിൽ നിന്നും ₹49936/-യുടെ ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | എണ്ണം |
|---|---|
| ഒറിയന്റ് Led 1 5W ബൾബ് | 50 |
| ഒറിയന്റ് Led 9W ബൾബ് | 572 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണത്തിലും മോണിറ്ററിംഗിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

1. വാങ്ങിയ തെരുവ് വിളക്കുകളുടെ വിതരണവും വിനിയോഗ വിവരവും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ച് കൃത്യമായ പരിപാലനം ആവശ്യമാണ്.

2. പദ്ധതി നടത്തിപ്പിന്റെ തുടർനടപടികളും മോണിട്ടറിംഗും നടക്കുന്നില്ല

3. ഒരു വർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അവയുടെ പരിപാലനം എന്നിവ സംബന്ധിച്ച് യാതൊരുവിധ പഠനവുമില്ല. ഒരു സാമ്പത്തിക വർഷം ആവശ്യമുള്ള, സാധാരണ ബൾബുകൾ, LED, CFL, എന്നിവ സംബന്ധിച്ച് പ്രാഥമിക ധാരണയില്ല. വർഷാരംഭത്തിൽ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പരിശോധന നടത്തി ഒരു വർഷം ആവശ്യമുള്ള തെരുവ് വിളക്കുകളുടെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്തി പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

4. തെരുവ് വിളക്കുകളും അനുബന്ധ സാമഗ്രികളും സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങൾ ഗ്യാരന്റി/വാറന്റി സംബന്ധിച്ച് എഗ്രിമെന്റിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും ആയത് നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്ത് നടത്തുന്നില്ല. വരും വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-17 തൊഴിലുറപ്പ് പദ്ധതി- മുൻകൂർ നൽകിയ തുക യഥാസമയം തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ ബി18 ഷെഡ്യൂളിലെ 460500801- Advance To Others എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം ₹91,77,514/- അഡ്വാൻസ് നൽകിയത് തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. 2020-21, 2021-22 വർഷത്തെ ലെഡ്ജർ പ്രകാരം തുക അനുവദിച്ചിരിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾക്കാണ്. ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തിട്ടുമില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.423002010004813, യു.ബി.ഐ, പോത്താനിക്കാട്) 31.03.2023 ന് ₹607795/- നീക്കിയിരിപ്പുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും നൽകുന്ന മുൻകൂറുകൾ നാളിതു വരെയും തിരികെ ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.25/24.10.2023) നൽകിയതിന് തുക തിരികെ ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. മുൻകൂറായി നൽകിയ തുക തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 തുക തിരികെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വന്നതിന്റെ വിവരം അറിയിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷം മംഗളം ദിനപ്പത്രത്തിൽ വിവിധ ടെണ്ടറുകളുടെ പരസ്യം പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്റെ ചാർജ്ജിനത്തിൽ ₹44860/- സ്ഥാപനത്തിന് നൽകിയിരുന്നു. എന്നാൽ മംഗളം ദിനപ്പത്രത്തിന്റെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ആയില്ല. ഗ്രാമപഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ കോതമംഗലം സബ്ബ് ട്രഷറിയിലുള്ള ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും തുക Payment ആയി എന്ന വിവരമാണ് ലഭിച്ചത്. വീണ്ടും ഈ അപാകതയ്ക്ക് മറുപടി നൽകുവാൻ ഗ്രാമപഞ്ചായത്ത് ട്രഷറിയോട് ആവശ്യപ്പെട്ടതിന് ₹44860/- തിരികെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയി എന്ന വിവരമാണ് നൽകിയത്. ആയതിന്മേൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി 31.08.2022 ൽ 5(1) പ്രകാരം തീരുമാനമെടുത്തുവെങ്കിലും തുടർ നടപടികളുടെ വിവരം ലഭ്യമല്ല എന്ന് കാണുന്നു. ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം ഓഡിറ്റിന് നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.09/22.10.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ മേൽ തുക സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കുന്നതിനായി വീണ്ടും ട്രഷറിയ്ക്ക് കത്ത് നൽകുന്നതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ഈ തുക മംഗളം ദിനപത്രത്തിന് പിന്നീട് നൽകിയിട്ടുണ്ട്. തുക എത്രയും വേഗം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും 2022-23 സാമ്പത്തിക വർഷം ₹12,50,000/- അനുവദിച്ച് നൽകിയിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് (ഐ.എ) വകുപ്പിന്റെ 22.02.2018-ലെ സ.ഉ.(എം.എസ്) നം.25/2018, ജി.ഒ.(ആർ.ടി) നമ്പർ 2297/2018/ത.സ്വ.ഭ.വ തീ. 21.08.2018 എന്നിവ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ ഉത്തരവ് പ്രകാരം ₹12,50,000/- അനുവദിക്കുകയും ചെയ്തിരുന്നു. ഈ തുക വാർഷിക ധനകാര്യ പത്രികയിലെ B4 ഷെഡ്യൂളിലെ 3201000145 ഹെഡിൽ ബാധ്യതയായി ചേർത്തിട്ടുണ്ട്. എന്നാൽ നാളിതു വരെയും ഗ്രാമപഞ്ചായത്തിന് ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ കുടുംബശ്രീ

ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ 24.08.2022-ലെ 4748/ഡി.പി.എം (എസ്.ഡി)/2022 നമ്പർ കത്ത് പ്രകാരം തുക ചെലവഴിക്കാതിരുന്നത് വിശദീകരിക്കണം ആവശ്യപ്പെട്ടതിന് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി തനത് വരുമാനം വളരെ കുറവായതിനാൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് കഴിയില്ല എന്നാണ്. ആയതിനാൽ കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും ലഭിച്ച ₹12,50,000/- തിരികെ നൽകാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.08/22.10.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. തുക ചെലവഴിക്കാത്ത പക്ഷം കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച ₹12,50,000/-തിരികെ അടയ്ക്കേണ്ടതാണ്.

1-20 ഇലക്ഷൻ നിക്ഷേപം -നാളിതു വരെയും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹35,000/- വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ തിരഞ്ഞെടുപ്പിൽ വിജയം/പ്രസ്തുത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ തുകയും, വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത വർഷത്തെ നിക്ഷേപവും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.05/22.10.2023) മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തുക എത്രയും വേഗം തനത് ഫണ്ടിലേക്ക് അടവാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. തുക തിരികെ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-21 ക്രൂസിന് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് (ക്രൂസ്) വാർഷിക വരിസംഖ്യയായി ₹2,000/-നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ എന്ന ഇനത്തിൽ ഓഡിറ്റ് വർഷം ചെക്ക് നം.02067977/തീ.27.07.2022 പ്രകാരം ₹2000/- അടവാക്കിയിട്ടുണ്ട്.

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങുകയോ തെരുവു വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും ₹2000/- നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഇത്തരത്തിൽ തുക നൽകുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.03/22.10.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ ഈ പരാമർശം അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് മറുപടി നൽകുന്നതാണെന്ന് അറിയിച്ചു. ഇത്തരത്തിൽ തുക നൽകുന്നത് പുന:പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-22 ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S0016/2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | ₹3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | ₹3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ബിൽ റഫറൻസ് നം./ തീയതി | 22120852004701003560 / 03.01.2023 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പിള്ളി എന്ന സ്ഥാപനത്തിന് പ്രഫോർമ ഇൻവോയിസ് (നം.പി.എഫ്.859, തീ.22.11.2022) പ്രകാരം 03.01.2023 തീയതിയിൽ ₹3,00,000/- നല്കിയിട്ടുണ്ട്, എന്നാൽ മരുന്നുകൾ ലഭ്യമായതിന്റ വിവരം ഓഡിറ്റിനായി സമർപ്പിച്ച പദ്ധതി ചെലവ് രേഖകളിൽ വ്യക്തമല്ല. തൻ വർഷം അടവാക്കിയ തുകയ്ക്കു ഈ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പടെയുള്ള രേഖകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 25.10.2023-ൽ നൽകിയ 27-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരുന്ന് ലഭ്യമായതിന്റെ വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതു വരെ ₹3,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ബാലസഭ:അധിക തുക നൽകി

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ബാലസഭയുടെ പ്രവർത്തന ഫണ്ടായി ₹15000/- കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് (കൈ) നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് ₹1000/-യാണ് പഞ്ചായത്ത് കുടുംബശ്രീയ്ക്ക് കൈമാറേണ്ടത്. ആയത് പ്രകാരം 13 വാർഡുകൾ ഉള്ള പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന് വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത് ₹13000/-യാണ്. മറ്റ് പ്രവർത്തനങ്ങൾ നടത്തേണ്ടതിന് തുക വകയിരുത്തി ചെലവഴിക്കേണ്ടത് കുടുംബശ്രീയുടെ പ്രവർത്തന ഫണ്ടിൽ നിന്നുമാണ്. ₹13000/- കൈമാറേണ്ടതിനു പകരം

അധികമായി ₹2000/- കൈമാറിയിട്ടുണ്ട്. ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

1-24 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട്, നമ്പർ | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ, 40/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹39000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | ₹15600/- (ചെക്ക് നമ്പർ. 613293/29.07.22) |

തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡാറ്റാ കളക്ഷന് സഹായം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ശ്രീ.നിഖിൽ സോമൻ, ശ്രീ.ജോയൽ ഷിജു എന്നിവർക്കാണ് പദ്ധതി പ്രകാരം ₹15600/- അനുവദിച്ചത്. ഈ വ്യക്തികളുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി ഏത് വിധത്തിൽ നടപ്പിലാക്കണമെന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173 /21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കളക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതായിരുന്നു. ഈ നടപടികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.11/22.10.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 പദ്ധതി നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നം | വാതിൽപ്പടി സേവനം / 118/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | 1)₹5032/-(വികസന ഫണ്ട്-ജനറൽ)<br>2)₹20000/-(തനത് ഫണ്ട്)<br>3)₹30000/-(മറ്റുള്ളവ)<br>ആകെ-₹55032/- |
| ചെലവ് വിവരം | ഇല്ല |

വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം ലഭിക്കാത്ത ജനവിഭാഗങ്ങളുടെ വീടുകളിലേക്ക് സേവനം എത്തിക്കുന്നതിനായിട്ടാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ ആവിഷ്കരിച്ച 'വാതിൽപ്പടി സേവനം' എന്ന പദ്ധതിക്ക് 2022-23 വർഷം ₹55032/- പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലായില്ല. തുക വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതി നടപ്പിലാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.13/22.10.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ ആവിഷ്കരിച്ച 'വാതിൽപ്പടി സേവനം' എന്ന പദ്ധതി അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതാണ്.

1-26 വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

1) സ്വകാര്യ വഴികൾ പൊതു വഴികളാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിയ സ്ഥലത്തിന്റെ വിവരം.
എ) ബ്രദർ ഹാൾ-കോപ്പുഴ റോഡ്-55 മീറ്റർ നീളം 2.60 മീറ്റർ വീതി.
ബി) കുറ്റിശ്രുക്കുടി-ചോതിപ്പടി റോഡ്-125 മീറ്റർ നീളം 3 മീറ്റർ.
സി) പുളിന്താനം-പള്ളിത്താഴം റോഡ്- 37.3 മീറ്റർ നീളം 3 മീറ്റർ.
ഡി) ഏനാനെല്ലൂർ വില്ലേജിലെ 470/11 A1 സർവ്വേ നമ്പരിലെ 1 ആർ 40 ചതുരശ്ര മീറ്റർ സ്ഥലം.
2) ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി.
ഏനാനെല്ലൂർ വില്ലേജിലെ 449/2/1 സർവ്വേ നമ്പരിലെ 50 സെന്റ് സ്ഥലം.
3) ഷട്ടിൽ ഇൻഡോർ കോർട്ട് സ്ഥാപിക്കുന്നതിന്.
12-ാം വാർഡിലെ പി വി ജോസിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം.
മേൽപ്പറഞ്ഞ സ്ഥലങ്ങൾ സൗജന്യമായി ഗ്രാമപഞ്ചായത്തിന് വിട്ട് നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം നാളിതുവരെ വില്ലേജ് രേഖകളിൽ പോക്ക് വരവ് ചെയ്ത് ഭൂനികുതി അടയ്ക്കുകയോ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ പൊതു ആവശ്യത്തിന്, പ്രത്യേകിച്ചും കെട്ടിട നിർമ്മാണത്തിനായി സൗജന്യമായി ലഭിക്കുന്ന സ്ഥലങ്ങൾ ന്യൂനതകൾ ഇല്ലാത്തവയാണെന്ന് ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.14/22.10.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ വിട്ടുകിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് കരമടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-27 അസാധാരണ ചെലവുകൾക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്(ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത്

അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തീയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുകയോ ചെലവ് പരിധി പാലിക്കുകയോ മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. 2022-23 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. സർക്കുലർ നം.451/എഫ്.എം2/2015/ത.സ്വ.ഭ.വ, തീയതി.17.12.2015 പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/24.10.2023) ലഭിച്ച മറുപടിയിൽ അസാധാരണ ചെലവുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു. രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ദൈനംദിന ചെലവിനങ്ങളുടെ വിഭാഗത്തിൽപ്പെടുന്നവയെ ഒരിക്കലും അസാധാരണ ചെലവിനങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്.

## 1-28 പൊതു ടാപ്പുകളുടെ വെള്ളക്കരം

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ ജൂലൈ 2022 വരെയുള്ള വെള്ളക്കരമിനത്തിൽ ₹17958111/- (കുടിശ്ശിക ഉൾപ്പെടെ) അടവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02.09.2022 ലെ ആർ.ഒ/2/പി.എച്ച്.ഡി.എൻ/എം.വി.പി.എ നമ്പർ കത്ത് ലഭിച്ചിരുന്നു. ഈ കുടിവെള്ളക്കരം കണക്കാക്കിയതിൽ പിഴപ്പലിശ കൂടി ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ പിഴപ്പലിശയായ ₹11205046/- ഒഴിവാക്കി ബാക്കി ₹6753065/- അടയ്ക്കുന്നതിന് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.09.2022 ലെ 5(1) തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ മറുപടി ലഭിക്കാത്തതിനാൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ഭീമമായ കുടിശ്ശികയുള്ള കുടിവെള്ളക്കരം ക്രമീകരിക്കുന്നതിനുള്ള 'ആംനസ്റ്റി' പദ്ധതി പ്രകാരം പരിഗണിക്കുന്നതിന്, കത്ത് നൽകുന്നതിനായി 20.02.2023 ലെ 3(1) തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അനുവാദം നൽകിയിരുന്നു. എന്നാൽ തുടർ നടപടികളുടെ വിവരം ലഭ്യമല്ല. നിലവിൽ ഭീമമായ കുടിവെള്ളക്കരം അടവാക്കുന്നതിനായി അവശേഷിക്കുന്നുണ്ടോ എന്ന വിവരവും ലഭ്യമല്ല. കൂടാതെ ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിവരവും ലഭ്യമല്ല. പൊതു ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ വിവരവും ലഭ്യമല്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.16/23.10.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ നിലവിലുള്ള ഒൻപത് പൊതു ടാപ്പുകളിൽ ഏഴെണ്ണം റദ്ദ് ചെയ്യുന്നതിനും രണ്ട് എണ്ണം നിലനിർത്തുന്നതിനും തീരുമാനിച്ചു. കൂടാതെ കുടിവെള്ളക്കരമിനത്തിലെ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിനും വാട്ടർ അതോറിറ്റിയിൽ കത്ത് നൽകുന്നതിന് തീരുമാനിച്ചതായും അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-തുക തിരികെ ലഭിച്ചിട്ടില്ല

പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഉമ്മിണിക്കുന്ന് ഡീവിയേഷൻ റോഡ് മുതൽ പുളിന്താനം ജംഗ്ക്ഷൻ വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് ₹1,82,000/-യുടെ എസ്റ്റിമേറ്റ് തുകയിൽ ₹1,16,000/-യും, 2021-22 സാമ്പത്തിക വർഷം ₹66,000/-യും കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ജി.എസ്.ടി നിരക്കിൽ വർദ്ധനവ് വന്നതിനാൽ എസ്റ്റിമേറ്റ് തുക വാട്ടർ അതോറിറ്റി വർദ്ധിപ്പിക്കുകയും, ₹39,000/- കൂടി അധികമായി അടവാക്കിയാൽ മാത്രമേ പ്രവൃത്തി നടപ്പാക്കുവാൻ കഴിയൂവെന്ന് ഗ്രാമപഞ്ചായത്തിനെ 21.04.2022 ലെ എ1-04/2012 കത്ത് മുഖേന അറിയിക്കുകയും ചെയ്തു. നിലവിൽ ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഉമ്മിണിക്കുന്ന് ഡീവിയേഷൻ റോഡ് മുതൽ പുളിന്താനം ജങ്ഷൻ വരെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നതിനാൽ മേൽ തുക മറ്റ് തിരികെ ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിനും, ഈ തുക മറ്റ് പദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 07.05.2022 ലെ 16(1) നമ്പർ പ്രകാരം തീരുമാനിക്കുകയും ആയതിന് കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയ്ക്കായി അപേക്ഷിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത തുക നാളിതു വരെ തിരികെ വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായിട്ടില്ല. ആയത് വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.17/23.10.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ തുക തിരികെ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വാട്ടർ അതോറിറ്റിയിൽ നിന്നും തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം ഡെപ്പോസിറ്റ് സ്വീകരിച്ച തുകകൾ തിരികെ ക്ലെയിം ചെയ്യാത്ത സാഹചര്യങ്ങളിൽ മൂന്നു വർഷത്തിനു ശേഷം ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും, വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരവും കാലാവധി കഴിഞ്ഞ താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | തുക(₹) |
|---|---|---|
| 1 | Contractor's EMD | 44650.00 |
| 2 | Suppliers EMD | 85986.00 |
| 3 | Contractors SD | 50550.00 |

| | | |
|---|---|---|
| 4 | Suppliers SD | 85064.00 |
| 5 | Bidders SD | 31889.00 |
| 6 | Contractors Retention | 126277.00 |
| 7 | Deposit Received From Others | 544550.00 |
| 8 | Road Cutting Deposit | 2000.00 |
| 9 | Auction Deposit | 73484.00 |
| 10 | Water Connection-Deposit | 1000.00 |

ഈ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/23.10.2023) ലഭിച്ച മറുപടിയിൽ മേൽപ്പറഞ്ഞ ഡെപ്പോസിറ്റ് തുകകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചു. മേൽപ്പറഞ്ഞ ഡെപ്പോസിറ്റ് തുക എത്രയും വേഗം തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

### 1-31 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രിക B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്കും, വൈദ്യുതി ബോർഡിനും നൽകിയിട്ടുള്ള മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

1. കേരള വാട്ടർ അതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|
| 460500201 | ₹2,34,000/- | ₹2,34,000/- |

2. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 460500202 | 8,26,047 | ₹1,82,000/- | ₹6,44,047/- |

ഗ്രാമപഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നീ ഏജൻസികൾക്ക് തുക നൽകുമ്പോൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതും കരാർ കലാവധിക്കുള്ളിൽ പണി പൂർത്തീകരിച്ച് ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കേണ്ടതുമാണ്. മേൽ തുക ക്രമീകരിക്കാത്തത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.20/23.10.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. മേൽപ്പറഞ്ഞ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുക പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്രമീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-32 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - സേവന ഉപനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജിനത്തിൽ 2022-23 സാമ്പത്തികവർഷം താഴെപറയും പ്രകാരം ആകെ ₹2,32,541/- കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്. ആയത് 2022-23 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 27,79,524/-യുടെ 8.36% തുകയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക് ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/24.10.2023) ലഭിച്ച മറുപടിയിൽ അടുത്ത പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പരാമർശം സമർപ്പിക്കുന്നതാണെന്നും തീരുമാനം ഓഡിറ്റിനെ അറിയിക്കുന്നതുമാണെന്നും വ്യക്തമാക്കി.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം സേവനങ്ങൾക്ക് നികുതി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഈടാക്കാവുന്നതാണ്.

### 1-33 ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ -ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു
1)

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ എസ്0024/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

| | |
|---|---|
| അടങ്കൽ തുക | ₹15395/-<br>(വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്) |
| ആകെ ചെലവു തുക | ₹15395/-(6300+9095) |
| തുക/പി.എഫ്.എം.എസ് ട്രാൻസാക്ഷൻ ഐ.ഡി/ തീയതി | 1)₹6300/-<br>0046EATPAYREQ3110202213537/31.10.2022<br>2)₹9095/-<br>0046EATPAYREQ081220228430/8.12.2022 |

മേൽ പദ്ധതി പ്രോജക്ട് നിർവ്വഹണോദ്യോഗസ്ഥൻ ₹15395/- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നോർത്ത് ആംസ് ഇ.എൻ .വി സൊലൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവു രേഖകളും സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ടുകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
2)

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ<br>എസ്.0099/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ തുക | 1)₹50000/-(വികസന ഫണ്ട് – പൊതുവിഭാഗം – സാധാരണ വിഹിതം)<br>2)₹40000/-വികസന ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ്)<br>ആകെ അടങ്കൽ – ₹90000/- |
| ആകെ ചെലവു തുക | 73280/-<br>1)₹50000/-(വികസന ഫണ്ട്,- പൊതുവിഭാഗം – സാധാരണ വിഹിതം)<br>2)₹23280/-ധനകാര്യകമ്മീഷൻ അവാർഡ്) |
| തുക/ബിൽ നം./ പി.എഫ്.എം.എസ് ട്രാൻസാക്ഷൻ ഐ.ഡി/തീയതി | 1)₹7500/-<br>0046EATPAYREQ0304202310801/03.04.2022<br>2)₹15780/-<br>0046EATPAYREQ3003202370855/30.03.2023<br>3)₹4245/-RBI0362384025838, 4.2.2023<br>4)₹4500/-RBI0172347069850, 16.1.2023<br>5)₹25000/-RBI 10172347069849, 16.1.2023<br>6)₹9810/-RBI0192349324120, 18.1.2023<br>7)₹6445/-RBI3342261242906, 29.11.2022 |

മേൽ പ്രോജക്ട് പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ ആകെ ₹73280/- ഹരിതകർമ്മസേന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുണ്ട്. ആയതിൽ പട്ടികയിലെ ക്രമ നം.1, പ്രകാരമുള്ള ₹7500/-യുടെയും ക്രമ നം.4 പ്രകാരമുള്ള ₹4500/- യുടെയും ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹61280/- യിൽ ₹51470/-(15780+4245+25000+6445) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നോർത്ത് ആംസ് ഇ.എൻ.വി സൊലൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവു രേഖകളും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തന റിപ്പോർട്ടുകളും പരിശോധനക്കായി ലഭ്യമായിട്ടില്ല. ₹9810/- ഫെബാ ചാക്കോ എന്ന വ്യക്തിക്കും നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവു രേഖകളും പരിശോധനക്കായി ലഭ്യമായിട്ടില്ല.
ആയത് പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/31.10.2023) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ഉപ ഖണ്ഡിക ക്രമനം.1, 2 ലെ ആകെ ചെലവു തുകയായ 76675/-(51470+9810+15395) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളിലെ തുക നാളിതു വരെയും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ അങ്കണവാടികൾക്ക് പോഷകാഹാര വിതരണം എന്ന പ്രോജക്ടിൽ വാഹന വാടകയായി നൽകിയ ₹8044/- നാളിതു വരെയും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്കും തിരികെ വന്നിട്ടില്ല. ഇ-ഗ്രാമസ്വരാജ് പോർട്ടൽ (പി.എഫ്.എം.എസ്) മുഖേനയാണ് പേയ്മെന്റ് നടത്തുന്നതെങ്കിലും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക എത്തിയിട്ടില്ല. ആയതിനാൽ സുലേഖ സോഫ്റ്റ്‌വെയറിൽ ചെലവ് തുക പൂർണ്ണമായും രേഖപ്പെടുത്തുവാൻ സാധിക്കുന്നില്ലായെന്ന് വ്യക്തമായതിനാൽ 06.04.2022 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഇക്കാര്യം മേലധികാരികളെ അറിയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അപാകത വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.26/24.10.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-35 ലൈഫ് ഭവനപദ്ധതി-വീട് നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നടപ്പാക്കിയ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

1)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/നം | ലൈഫ് ഭവന പദ്ധതി, 21/22-23(സ്പിൽ ഓവർ) |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ തുക | ₹5360000/- |
| ആകെ ചെലവു തുക | ₹120000/- മറ്റുള്ളവ |
| തുക/ചെക്ക് നം/ തീയതി | 1)₹70000/- / 271407 / 03.08.2022<br>2)₹50000/- / 271406 / 03.08.2022 |

മേൽ പദ്ധതി പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ ₹120000/- വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് 3 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതാണ്. ആയതിൽ 2 ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. നാളിതു വരെയും വീട് പണി പൂർത്തീകരിക്കാത്ത സേവ്യർ തോമസ് എന്ന വ്യക്തി 18.12.2020ൽ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് വി.ഇ.ഒ യുമായി കരാർ ചമച്ചിട്ടുള്ളതാണ്. ടിയാൾക്ക് മുൻവർഷങ്ങളിൽ ₹300000/- വരെ നൽകിയിട്ടുള്ളതും 2022-23 സാമ്പത്തിക വർഷം ചെക്ക് നം.271407/3.8.2022 പ്രകാരം ₹50000/-യും ഉൾപ്പെടെ ആകെ ₹350000/-യും നൽകിയിട്ടുള്ളതാണ്. എന്നാൽ ടി വ്യക്തി നാളിതു വരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/31.10.2023) മറുപടി ലഭ്യമായിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 1-36 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരികെ അടച്ചതിന്റെ വിവരം

ഓഡിറ്റ് എൻക്വയറി നം.01/21.10.23 പ്രകാരം ഗ്രാമപഞ്ചായത്തിന് സംഭവിച്ച നഷ്ടം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ₹19662/- ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം, ഓഡിറ്റ് എൻക്വയറി നമ്പർ, തീയതി | നഷ്ട തുക | അടവാക്കിയ തുക | രസീത് നമ്പർ/ തീയതി |
|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ സപ്ലൈ - നിയമാനുസൃത നികുതികൾ ഈടാക്കിയില്ല- 01/21.10.2023 | ₹19,662 | ₹19,662 | 1230100953,123100954/ G071108/21.10.2023 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബാലസഭ:അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/നം | ബാലസഭ, 72/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ | ₹15,000/- (വികസന ഫണ്ട്) |
| ചെലവ് വിവരം (തുക, ബിൽ നമ്പർ, തീയതി) | ₹15,000/-(210/23.03.23) |

₹15000/- കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവ് [സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.2022] ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് ₹1000/-യാണ് പഞ്ചായത്ത് കുടുംബശ്രീയ്ക്ക് കൈമാറേണ്ടത്. ആയത് പ്രകാരം 13 വാർഡുകൾ ഉള്ള പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന് വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നത് ₹13000/-യാണ്. മറ്റ് പ്രവർത്തനങ്ങൾ നടത്തേണ്ടതിന് തുക വകയിരുത്തി ചെലവഴിക്കേണ്ടത് കുടുംബശ്രീയുടെ പ്രവർത്തന ഫണ്ടിൽ നിന്നുമാണ്. ₹13000/- കൈമാറേണ്ടതിനു പകരം അധികമായി ₹2000/- കൈമാറിയിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.10/22.10.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി നൽകിയ ₹2000/- ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രോജക്ട് | ചെലവ്(₹) | ബാലൻസ് (₹) |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2022-23 | 61830.00 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 61830.00 | 0 |
| 2 | | 2022-23 | 56800.00 | നെൽകൃഷി വികസനം വിത്തും കൂലിചെലവും | 56800.00 | 0 |
| 3 | | 2022-23 | 70000.00 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 70000.00 | 0 |
| | | ആകെ | 188,630.00 | | 188,630.00 | |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 246690.00 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 246690.00 | 0 |
| 5 | | 2022-23 | 497000.00 | ഹരിതകർമ്മ സേനക്ക് വാഹനം വാങ്ങൽ | 497000.00 | 0 |
| 6 | | 2022-23 | 210,000.00 | ലൈഫ് ഭവനപദ്ധതി- എസ് സി | 210,000.00 | 0 |
| 7 | | 2022-23 | 475545.00 | മഞ്ഞളാംപാറ കുടിവെള്ള പദ്ധതി | 475545.00 | 0 |
| 8 | | 2022-23 | 350000.00 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 350000.00 | 0 |
| | | | | ആകെ | 1779235.00 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച് അടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ ലോൺ (KURDFC) | (1)ജി.ഒ (എം.എസ്) 3367/ 2021/ധനം 17.04.2021 2)ജി.ഒ (എം.എസ്) 5206/ 2021/ധനം 30.07.2021 3)ജി.ഒ | 2570000 | 8407402 | 2570000 | 1674419 | | 9302983 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (എം.എസ്) 22/ 2022/ ധനം 01.01.2022 | | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹14950/- വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2019-20 | 1 (15) ക്രമ നം.91 | 900.00 | ശ്രീ തൊമ്മൻ വർക്കി, കൊല്ലറക്കൽ | 1220100258 09.05.2022 |
| 2020-21 | 1 (13) ക്രമ നം.102 | 900.00 | ശ്രീ തൊമ്മൻ വർക്കി, കൊല്ലറക്കൽ | 1220100260 09.05.2022 |
| 2016-17 | 2-6(3) | 360.00 | ശ്രീ സാബു വർഗ്ഗീസ്, കക്കടിയിൽ | 1220101948 13.12.2022 |
| 2019-20 2020-21 | 1 (15) ക്രമ നം.69 1 (13) ക്രമ നം.72 | 600.00 600.00 | ശ്രീ ഇ എ ജോസ് ഇല്ലിക്കൽ | 1220102523 07.02.2023 |
| 2019-20 2020-21 | 1 (15) ക്രമ നം.66 1 (13) ക്രമ നം.69 | 600.00 600.00 | റോയി മാത്യു, ഇല്ലിക്കൽ | 1220102524 07.02.2023 |
| 2019-20 2020-21 | 1 (15) ക്രമ നം.67 1 (13) ക്രമ നം.70 | 600.00 600.00 | മത്തായി ബേബി, ഇല്ലിക്കൽ | 1220102623 15.02.2023 |
| 2019-20 | 1 (15) ക്രമ നം.91 | 250.00 | ശ്രീ തൊമ്മൻ വർക്കി, കൊല്ലറക്കൽ | 1220100257 9.05.2022 |
| 2020-21 | 1 (13) ക്രമ നം.102 | 250.00 | ശ്രീ തൊമ്മൻ വർക്കി, കൊല്ലറക്കൽ | 12201002591 9.05.2022 |
| 2021-22 | 1 (15) ക്രമ നം.12 | 100.00 | വർഗ്ഗീസ് വി വി, എസ് ജെ ടെക് സ്റ്റെൽസ്, പോത്താനിക്കാട് | 12201002448/2.2.23 |
| 2021-22 | 1 (15) ക്രമ നം.11 | 200.00 | ലൈസാ പോൾ അമല ബ്യൂട്ടി പാർലർ | 12201002460/3.2.23 |
| 2021-22 | 1 (14) | 7590.00 | ദിൽ ഫിലിപ്പ് അറുവൻചേരിൽ | 12201002414/30.1.23 |
| 2019-20 2020-21 | 1 (15) ക്രമ നം.69 1 (13) ക്രമ നം.72 | 200.00 200.00 | ശ്രീ ഇ എ ജോസ് ഇല്ലിക്കൽ | 1220102414 7.2.2023 |
| 2019-20 2020-21 | 1 (15) ക്രമ നം 66 1 (13) ക്രമ നം.69 | 200.00 200.00 | റോയി മാത്യു, ഇല്ലിക്കൽ | 12201002524/7.2.23 |
| | ആകെ | 14950.00 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | 20 | 2014-15 | 3.7.1.9.3 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- അപാകത | WP(Civil)18345/2008 നം.കേസിന്റെ അടിസ്ഥാനത്തിൽ റവന്യൂറിക്കവറി നടപടികൾ ഒഴിവാക്കുന്നതിന് ബഹു.കോടതി വിധിച്ചു. ആയതിന്മേൽ പഞ്ചായത്ത് അപ്പീൽ ഫയൽ ചെയ്തു. |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹22539485.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹21257264.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹402425.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 2000.00 | ശ്രീമതി സിന്ധു സി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 2000.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 25750.00 | അനിൽ കുമാർ കെ, സെക്രട്ടറി |
| 1-22 | 300000.00 | ഡോ. സീനാമോൾ, മെഡിക്കൽ ഓഫീസർ |
| 1-33 | 60895.00 | അരുൺ എസ് നായർ വി.ഇ.ഒ |
| 1-33 | 15780.00 | ഫൗസിയ ഷെരീഫ് വി.ഇ.ഒ |
| ആകെ | 402425.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| | ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് /നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി സിന്ധു സി കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി , പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് | മായമ്പിള്ളിൽ വീട്, പെരുമ്പിള്ളി പി.ഒ, മുളന്തുരുത്തി |
| 2 | ശ്രീ. അനിൽ കുമാർ, സെക്രട്ടറി | സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് | ഉണ്ടനാൽ(H), തൃക്കാരിയൂർ പി. ഒ |
| 3 | ഡോ. സീനാമോൾ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | സോപാനം, അമ്പലംപടി, മേക്കടമ്പ് പി. ഒ |
| 4 | ഫൗസിയ ഷെരീഫ് വി.ഇ.ഒ | വി.ഇ.ഒ | ഒലിക്കൽ പുത്തൻപുര എനാനെല്ലൂർ പി.ഒ |
| 5 | അരുൺ എസ് നായർ വി.ഇ.ഒ | വി.ഇ.ഒ | ഉള്ളാട്ടിൽ ഹൗസ് മണക്കാട് പി.ഒ തൊടുപുഴ |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1) 89/98 തീ. 04.01.1999 |
| 1997-98 | എൽ.എഫ്.ഇ(പി1)1148/98 തീ. 04.01.1999 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 72/2004 തീ. 13.09.2004 |
| 2001-2002 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 1610/2009 തീ. 23.07.10 |
| 2002-2003 | എൽ.എഫ്.ഇ(പി7) 1611/2009 തീ. 23.07.10 |
| 2003-2004 | എൽ.എഫ്.ഇ(പി7) 1612/2009 തീ. 23.07.10 |
| 2004-2005 | എൽ.എഫ്.ഇ(പി7) 1613/2009 തീ. 23.07.10 |
| 2005-2006 | എൽ.എഫ്.ഇ(പി7) 1614/2009 തീ. 23.07.10 |
| 2006-2007 | എൽ.എഫ്.ഇ(പി7) 916/2011തീ. 26.12.2011 |
| 2007-2008 | എൽ.എഫ്.ഇ(പി7) 916(എ)/2011 തീ.26.12.2011 |
| 2008-2009മുതൽ 2010-2011 വരെ | എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013 |
| 2011-2012 | എൽ.എഫ്.ഇ(പി7)1589/2014 തീ.05.11.14/12.12.2014 |
| 2012-13 & 2013-14 | കെ.എസ്.എ.ഇ.കെ.എം(പി7)495/15,തീ.22.05.2015/ 17.7.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി14)77/17 തീ. 31.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി14)1495/17 തീ. 14.09.17 |
| 2017-18 | നം.കെ.എസ്.എ.ഇകെഎം(പി14)131/2019 തീ.12.03.2019 |
| 2018-19 | നം.കെ.എസ്.എ.ഇകെഎം(പി14)278/2020 തീ.11.03.2020 |
| 2019-20 | നം.കെ.എസ്.എ.ഇകെഎം(പി14)1383/2020 തീ.10.11.2021 |
| 2020-21 | നം.കെ.എസ്.എ.ഇകെഎം(പി14)1384/2020 തീ.09.12.2021 |
| 2021-22 | നം.കെ.എസ്.എ.ഇകെഎം(പി14)1608/2022 തീ.01.11.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 13(1) dated 13-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pothanikkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pothanikkad Grama Panchayat for the year 2022-2023

Date: 15/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Pothanikkad Grama Panchayat for the Year 2022-2023.**

**1.Major Observations**

1. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.

2 Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.

3. Non- inclusion of notes to accounts in financial statements and non-disclosure of material facts.

**2.Other Observations**

1) Lapses in making timely and accurate demand entries in respect of tax and non -tax revenue
2) Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
3). Non-inclusion of value of closing stock
4)property tax registers do not match with financial statements
5) provision for doubtful debts are not adequately provided.
6) Demand registers do not match with financial statements

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്